Attendance Compulsory

ദേവസ്വം അക്കൗണ്ട്സ് ആഫീസ്,

ഡി.എ. നമ്പർ.577/15/ഇ3,

തീയതി: 21.01.2016

# <u>സർക്കുലർ</u>

വിഷയം: TDS പിടുത്തം വരുത്തുന്നതിലെ സംശയങ്ങൾ ദൂരീകരിക്കുന്നതിന് വേണ്ടി ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള ഉദ്യോഗസ്ഥർ നടത്തുന്ന ക്ലാസ്സ് സംബന്ധിച്ച്.

സൂചന : 20.01.2016 - ലെ ബോർഡ് ആർ.ഒ.സി. 16244/15/എസ്റ്റ.1 ഉത്തരവ്.

ഓരോ സാമ്പത്തിക വർഷത്തേയും ഇൻകം ടാക്സ് തുക പിടുത്തം വരുത്തുന്നതുമായി ബന്ധപ്പെട്ട രീതികളും ടാക്സ് കണക്കാക്കാൻ തയ്യാറാക്കുന്ന സ്റ്റേറ്റ്മെന്റിനോടൊപ്പം ചേർക്കേണ്ടുന്ന ഉള്ളടങ്ങളെ സംബന്ധിച്ചും, ടാക്സ് കണക്കാക്കുമ്പോൾ പ്രധാനമായും അറിഞ്ഞിരിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ചും ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള ഉദ്യോഗസ്ഥർ 27.01.2016 ന് ദേവസ്വം ബോർഡ് ആസ്ഥാനത്തുള്ള സുമംഗലി കല്യാണമണ്ഡപത്തിൽ വച്ച് രാവിലെ 10:30 മുതൽ 12:30 മണി വരെ ക്ലാസ്സ് എടുക്കുന്നതിന് സൂചനയിൽ ബോർഡ് ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത ക്ലാസ്സിൽ ഓരോ ഓഫീസിൽ നിന്നും ഹെഡ്ക്ലാർക്ക് കേഡറിൽ കുറയാതെയുള്ള രണ്ടു ജീവനക്കാരെങ്കിലും നിർബന്ധമായും പങ്കെടുത്തിരിക്കേണ്ടതും, ടാക്സ് സംബന്ധമായി എടുക്കുന്ന ക്ലാസ്സിലെ കാര്യങ്ങൾ പൂർണ്ണമായും ഗ്രഹിച്ച് സംശയങ്ങൾ എന്തെങ്കിലും ഉള്ളപക്ഷം തദവസരത്തിൽ തന്നെ ആയത് ദൂരീകരിച്ചശേഷം മാത്രം ക്ലാസ്സിൽ നിന്ന് പോകേണ്ടതാണ്.

ക്ലാസ്സ് അറ്റന്റഡ് ചെയ്യാതെ വരുന്ന ഓഫീസ് ജീവനക്കാരുടെ വിവരം ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്നുള്ള വിവരംകൂടി അറിയിക്കുന്നു.

21/1/16

ദേവസ്വം അക്കൗണ്ട്സ് ആഫീസർ,

പകർപ്പ്:

എല്ലാ ആഫീസ് മേധാവികൾക്കും,